**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്തെ ഭക്ഷ്യ-ധാന്യ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ മൂന്നാം തരംഗം രൂക്ഷമായ സമയത്തടക്കം സംസ്ഥാനത്തെ ഭക്ഷ്യ-ധാന്യ വിതരണം വളരെ ഫലപ്രദമായ രീതിയിൽ നടത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | റേഷൻ കടകൾ വഴി എല്ലാ വിഭാഗം കാർഡുകൾക്കും പ്രതിമാസ വിഹിതത്തിനു പുറമേ കേന്ദ്രസർക്കാർ PMGKAY പദ്ധതി പ്രകാരം NFSA കാർഡുകളിലെ ആളൊന്നിന് അധികമായി അനുവദിച്ചിട്ടുള്ള 5 കിലോ ഭക്ഷ്യധാന്യം സൗജന്യമായും വിതരണം നടത്തിവരുന്നു. വിതരണത്തിനുള്ള എല്ലാ സ്റ്റോക്കുകളും വാതിൽപ്പടിയിൽ പരമാവധി മുൻകൂറായി എത്തിക്കുകയും വിതരണം സുഗമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സപ്ലൈകോ വിൽപ്പനശാലകൾ വഴി അത്യാവശ്യസാധനങ്ങളുടെ വിതരണവും നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ആധുനീകരിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളായ ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, വറ്റൽ മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മാവേലി പച്ചരി, മാവേലി മട്ട അരി, വെളിച്ചെണ്ണ എന്നിവ റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമെ മിനി അക്ഷയ സെന്ററുകൾ, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുവാൻ ഉതകുന്ന രീതിയിലുള്ള ബാങ്കിംഗ് സേവനങ്ങൾ എന്നിവ ആരംഭിക്കുവാനും മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ കൂടി റേഷൻ കടകൾ വഴി വിൽപ്പന നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിവിധ ഗോഡൗണുകളിൽ നിന്നും എടുക്കുന്ന ധാന്യങ്ങളുടെ അളവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | ഓരോ മാസവും വിതരണത്തിനു മുൻപ് എഫ്.സി.ഐ യിൽ നിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ആഫീസർ/ റീജിയണൽ മാനേജർ, സപ്ലൈകോ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ യിലേയും സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ പരിശോധന നടത്തി Weigh Bridge –ൽ തൂക്കിയ ശേഷമാണ് എഫ്.സി.ഐയിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഗോഡൗണുകളിൽ എത്തുന്നത്. ആയത് നിരീക്ഷിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17.12.2021 ന് സിവിൽ സപ്ലൈസ് കമ്മീഷണറും എഫ്.സി.ഐ ജനറൽ മാനേജറും ചേർന്ന് ഒപ്പു വച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറിലും ഗുണനിലവാരവും, അളവും ഉറപ്പു വരുത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ